ചേർപ്പ് നിയോജകമണ്ഡലത്തിലെ നിർമ്മാണ ജോലികൾ

62 [5041] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ 2003-2004 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് നിർമ്മാണ ജോലികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കണിമംഗലം, പനമുക്ക്, നെടുപുഴ, വടൂക്കര, അരണാട്ടുകര, പൂങ്കുന്നം റോഡിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോടന്നൂർ നെടുപുഴ വടൂക്കര അരണാട്ടുകര റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി ഏതുഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ റോഡുകളാണ് പുതുക്കിപ്പണിയുന്നതിന് നിർദ്ദേശിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ഇ) ചേർപ്പ് നിയോജകമണ്ഡലത്തിൽ നിർമ്മാണം ആരംഭിക്കുന്ന പാലങ്ങളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(എഫ്) കരാഞ്ചിറ വലിയപാലം, കാരാഞ്ചിറ ചെറിയപാലം എന്നിവയുടെ നിർമ്മാണ ജോലി ഏറ്റെടുത്തിട്ടുള്ള കരാറുകാർ ആരാണ്; നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ജി) പഴുവിൽ പാലത്തിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് സംഖ്യ എത്ര; ഇതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) കരുവന്നൂർ പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; പഴയ പാലം തൽസ്ഥാനത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ 2003-2004 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിട വിഭാഗത്തിലെ നിർമ്മാണ ജോലി ചേർപ്പ് മിനി സിവിൽ സ്റ്റേഷനും, നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ താഴെപ്പറയുന്ന 6 പണികളുമാണ്.

1. ആനക്കല്ല്-അമ്മാടം-പെരുങ്ങോട്ടുകര റോഡ്
2. ആറാട്ടുപുഴ-ശാസ്താംകടവ് പാലം
3. പെരുമ്പിള്ളിശ്ശേരി എബാക്കുമെന്റിൽ പൂത്തറയ്ക്കൽ പാലം
4. കോടന്നൂർ-നെടുപുഴ-പടിഞ്ഞാറെക്കോട്ട റോഡ്
5. കണിമംഗലം-പൂങ്കുന്നം റോഡ്
6. പഴുവിൻപാലം-ചേർപ്പ്-തൃപ്രയാർ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

(സി) ഭരണാനുമതി കിട്ടുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഒരു റോഡും പുതുക്കി പണിയുന്നതിന് ഇപ്പോൾ നിർദ്ദേശിച്ചിട്ടില്ല.

(ഇ) പുത്രാക്കൽ പാലത്തിന്റെ എഗ്രിമെന്റ് വച്ച് പണി സെപ്തംബറിൽ ആരംഭിക്കും.

(എഫ്) കരാഞ്ചിറ വലിയപാലം, കരാഞ്ചിറ ചെറിയ പാലം എന്നിവയുടെ ടെണ്ടർ കഴിഞ്ഞ് പണികൾ ഉടനെ ആരംഭിക്കും. പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറുകൾ കഴിഞ്ഞു. കരാറുകാരെ തീരുമാനം ആയിട്ടില്ല.

(ജി) പഴുവിൻപാലം ജീർണ്ണാവസ്ഥയിലാണ്. ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കി വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(എച്ച്) കരുവന്നൂർ പാലം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. രണ്ട് വർഷമാണ് കാലാവധി. 2005-ൽ പാലം പണി പൂർത്തീകരിക്കും. പഴയപാലം ബലക്ഷയമുള്ളതു കൊണ്ടാണ് പുതിയപാലം നിർമ്മിക്കേണ്ടി വന്നത്. ആയതിനാൽ പാലത്തിലൂടെ നടക്കുവാൻ അനുവദിക്കുവാൻ നിർവാഹമില്ല.

റാന്നി സബ്ഡിവിഷനു കീഴിൽ നടന്ന മരാമത്ത് പണികൾ

63 [5042] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ 2003 മേയ് മാസം വരെ പൊതുമരാമത്ത് റാന്നി സബ്ഡിവിഷനു കീഴിൽ നടത്തിയ പ്രവൃത്തികൾ ഇനംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുകയും ചെലവഴിച്ച തുകയും ചെലവഴിച്ച തുക എസ്റ്റിമേറ്റ് തുകയുടെ എത്ര ശതമാനം വീതമാണെന്നുമുള്ള വിശദാംശങ്ങൾ പ്രവൃത്തിയുടെ പേര് സഹിതം ലഭ്യമാക്കാമോ?

ഉത്തരം

(എ) കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

1. എം.ആർ.എസ്. വടശ്ശേരിക്കര
2. താലൂക്ക് ആശുപത്രി, റാന്നി
3. റെസ്റ്റ് ഹൗസ്, റാന്നി

(ബി) എം.ആർ.എസ്. വടശ്ശേരിക്കര: എസ്റ്റിമേറ്റ് 42 ലക്ഷം, എക്സ്പെന്റിച്ചർ 17.3 ലക്ഷം, പെർസെന്റേജ് 42%.

താലൂക്ക് ആശുപത്രി, റാന്നി: എസ്റ്റിമേറ്റ് 100 ലക്ഷം, എക്സ്പെന്റിച്ചർ 126.98 ലക്ഷം, പെർസെന്റേജ് 79%.

റെസ്റ്റ്ഹൗസ്, റാന്നി: എസ്റ്റിമേറ്റ് 16.5 ലക്ഷം. എക്സ്പെന്റിച്ചർ 18.98 ലക്ഷം. പെർസെന്റേജ് 87%.

റോഡുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly